<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331</u> <u>10-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നിയോജകമണ്ഡലത്തിലെ റോഡ് നവീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. (ഫേസ് III) പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രപ്പോസലുകളാണ് ഇനി പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ; | (എ) | പുതിയ പ്രൊപ്പോസലുകൾ നിലവിൽ ഇല്ല. |
| (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടക്കുന്ന ഏതെല്ലാം ഗ്രാമീണ റോഡുകളിലാണ് ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്നും ആയതിന്റെ റീസ്റ്റോറേഷനാവശ്യമായ തുക ഇനിയും ലഭിക്കാത്ത സ്ഥലങ്ങളുണ്ടോയെന്നും അറിയിക്കോമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണത്തിനു മുമ്പായി ഗ്രാമീണ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകിയിട്ടില്ലായെങ്കിൽ പിന്നീട് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ഡി.എൽ.പി. (ഡാറ്റ ലോസ് പ്രിവൻഷൻ) പ്രകാരം സാധിക്കാത്ത സ്ഥിതിയുണ്ടാകുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | റോഡ് റീസ്റ്റോറേഷൻ ചാർജ്ജുകൾ അനുവദിക്കുന്ന മുറയ്ക്ക് അടവാക്കാമെന്നുള്ള കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ രേഖാമൂലമുള്ള ഉറപ്പിന്മേൽ ഇത്തരം റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനായി പി.എം.ജി.എസ്.വൈ. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; നിലപാട് അറിയിക്കാമോ; | (ഡി) | അപ്രകാരം നിർദ്ദേശം നൽകുന്നതിന് ജൽ ജീവൻ മിഷൻ അധികാരികളിൽ നിന്നുള്ള assurance ആവശ്യമാണ്. ആയതിനായി കേരള വാട്ടർ അതോറിറ്റിക്ക് കത്ത് അയച്ചിട്ടുണ്ട്. രേഖാമൂലമുള്ള ഉറപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുമായി ചർച്ച നടത്തുവാൻ LSGD പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പ് ലൈൻ സ്ഥാപിക്കൽ, റോഡ് | (ഇ) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | റീസ്റ്റോറേഷൻ ചാർജ് അടവാക്കൽ തുടങ്ങിയ തർക്കങ്ങൾ പരിഹരിക്കുന്നതിന് പി.എം.ജി.എസ്.വൈ. ഉദ്യോഗസ്ഥരേയും കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ഉന്നതതല യോഗം ചേരുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന റോഡുകൾ**

| ക്രമ നം. | പാക്കേജ് നം. | ബ്ലോക്ക് | പ്രവർത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1. | കെ.ആർ 09-120 | നിലമ്പൂർ | ചാത്തമുണ്ട- ചിത്തക്കല്ല് ഗ്രാമം കോടലിപ്പോയിൽ റോഡ് | പോത്തുകല്ല് |
| 2. | കെ.ആർ 09- 138 | നിലമ്പൂർ | പോത്തുകല്ല്-കോടലിപ്പോയിൽ-ചെമ്പൻകൊല്ലി റോഡ് | പോത്തുകല്ല് |
| 3. | കെ.ആർ 09-141 | നിലമ്പൂർ | മുട്ടിക്കടവ്-പള്ളിക്കുത്ത് വടക്കെകയ് റോഡ് | ചുങ്കത്തറ |
| 4. | കെ.ആർ 09- 119 | കാളികാവ് | അമ്പലപ്പടി വലമ്പുറം കുറ്റമ്പാറ റോഡ് | കരുളായി |
| 5. | കെ.ആർ 09 -126 | നിലമ്പൂർ | കരുനെച്ചി-ഉപ്പട ഫോറസ്റ്റ് ഓഫീസ് റോഡ് | എടക്കര |
| 6. | കെ.ആർ 09 -142 | നിലമ്പൂർ | മരംവെട്ടിച്ചാൽ-താളിപ്പാടം -നെല്ലിക്കുത്ത് റോഡ് | മൂത്തേടം |
| 7. | കെ.ആർ 09 -135 | നിലമ്പൂർ | മുപ്പിനി-വെള്ളടിമു-വടക്കേകൈ റോഡ് | മൂത്തേടം |
| 8. | കെ.ആർ 09 -124 | കാളികാവ് | തോട്ടേക്കാട്-കുറ്റമ്പാറ- ചെട്ടി റോഡ് | കരുളായി |
| 9. | കെ.ആർ 09- 125 | കാളികാവ് | കുറ്റമ്പാറ-പുതിയകുളം-ഗാന്ധിപ്പടി റോഡ് | അമരമ്പലം |
| 10. | കെ.ആർ 09 -137 | നിലമ്പൂർ | ബാസിൽപള്ളി-ഇടിമുക്ക്-വെള്ളിമിറ്റം-കോലാംപാടി-കുറുമ്പിലങ്ങോട് | പോത്തുകല്ല് |

**റീസ്റ്റോറേഷനാവശ്യമായ തുക ഇനിയും ലഭ്യമാവാത്ത പ്രവർത്തികൾ**

| ക്രമ നം. | പാക്കേജ് നം. | ബ്ലോക്ക് | പ്രവർത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1. | കെ.ആർ 09-126 | നിലമ്പൂർ | കരുനെച്ചി-ഉപ്പട ഫോറസ്റ്റ് ഓഫീസ് റോഡ് | എടക്കര |
| 2. | കെ.ആർ 09- 142 | നിലമ്പൂർ | മരംവെട്ടിച്ചാൽ-താളിപ്പാടം-നെല്ലിക്കുത്ത് റോഡ് | മൂത്തേടം |
| 3. | കെ.ആർ 09- 135 | നിലമ്പൂർ | മുപ്പിനി-വെള്ളടിമു-വടക്കേകൈ റോഡ് | മൂത്തേടം |
| 4. | കെ.ആർ 09- 124 | കാളികാവ് | തോട്ടേക്കാട്-കുറ്റമ്പാറ-ചെട്ടി റോഡ് | കരുളായി |
| 5. | കെ.ആർ 09- 125 | കാളികാവ് | കുറ്റമ്പാറ-പുതിയകുളം-ഗാന്ധിപ്പടി റോഡ് | അമരമ്പലം |
| 6. | കെ.ആർ 09 -137 | നിലമ്പൂർ | ബാസിൽപള്ളി-ഇടിമുക്ക്-വെള്ളിമിറ്റം-കോലാംപാടി-കുറുമ്പിലങ്ങോട് | പോത്തുകല്ല് |